©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>തിങ്കൾ<br>Thiruvananthapuram,<br>Monday | 2021 ഫെബ്രുവരി 22<br>22nd February 2021<br>1196 കുംഭം 10<br>10th Kumbham 1196<br>1942 ഫാൽഗുനം 3<br>3rd Phalguna 1942 | നമ്പർ<br>No. | 888 |


### കേരള സർക്കാർ

സാംസ്കാരിക കാര്യ (സി) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (കൈയെഴുത്ത്) നമ്പര്‍ 11/2021/സാം.കാ.വ. *തിരുവനന്തപുരം, 2021 ഫെബ്രുവരി 19*

**എസ്. ആർ. ഒ. നമ്പർ 225/2021** *1196 കുംഭം 7*

*1942 മാഘം 30.*

2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്റ്റിലെ (2011-ലെ 6) 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ടിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, 2013 ജനുവരി 8-ാം തീയതിയിലെ സ.ഉ.(കൈയെഴുത്ത്) നമ്പർ 1/2013/സാം.കാ.വ. നമ്പർ ഉത്തരവിൻകീഴിൽ പുറപ്പെടുവിച്ചതും 2013 മാർച്ച്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

27-ാം തീയതിയിലെ 909-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 246/2013-ാം നമ്പർ വിജ്ഞാപനമായി പ്രസിദ്ധപ്പെടുത്തിയതുമായ 2013-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി ഭേദഗതി ചെയ്യുന്നതിലേക്കായി, ഇതിനാൽ താഴെപ്പറയുന്ന പദ്ധതി ഉണ്ടാക്കുന്നു, അതായത്:—

പദ്ധതി

1. <u>ചുരുക്കപ്പേരും പ്രാരംഭവും.</u>—(1) ഈ പദ്ധതിക്ക് 2021-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി (ഭേദഗതി) പദ്ധതി എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. <u>പദ്ധതിയുടെ ഭേദഗതി.</u>—2013-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതിയിൽ, 14-ാം ഖണ്ഡികയിൽ, (3)-ാം ഉപഖണ്ഡികയിൽ "മൂവായിരം" എന്ന വാക്കിനുപകരം "നാലായിരം" എന്ന വാക്ക് ചേർക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

റാണി ജോർജ്ജ്,
*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2013 ജനുവരി 8-ാം തീയതിയിലെ സ.ഉ. (കൈയെഴുത്ത്) നമ്പർ 1/2013/സാം.കാ.വ. ഉത്തരവിൻകീഴിൽ 2013 മാർച്ച് 27-ാം തീയതിയിലെ 909-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതും എസ്.ആർ.ഒ. നമ്പർ 246/2013 ആയി വിജ്ഞാപനം ചെയ്തതുമായ 2013-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതിയിലെ 14-ാം ഖണ്ഡികയിലെ (3)-ാം ഉപഖണ്ഡിക പ്രകാരം ക്ഷേമനിധിയിൽ നിന്നും പെൻഷന് അർഹനാകുന്ന സാംസ്കാരിക പ്രവർത്തകന് നൽകാവുന്ന കുറഞ്ഞ പെൻഷൻ നാലായിരം രൂപയായി വർദ്ധിപ്പിക്കുന്നതിനായി പദ്ധതി ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2021.02.22 07:40:19 +05:30